ഖുത്ബ
6.1.2006
ഖാദിയാൻ, ഇന്ത്യ

# വഖ്ഫെ ജദീദിന്റെ നവവത്സര വിളംബരം

يَٰٓأَيُّهَا ٱلَّذِينَ ءَامَنُوا۟ هَلْ أَدُلُّكُمْ عَلَىٰ تِجَٰرَةٍ تُنجِيكُم مِّنْ عَذَابٍ أَلِيمٍ ﴿١١﴾

تُؤْمِنُونَ بِٱللَّهِ وَرَسُولِهِۦ وَتُجَٰهِدُونَ فِى سَبِيلِ ٱللَّهِ بِأَمْوَٰلِكُمْ وَأَنفُسِكُمْ ۚ ذَٰلِكُمْ خَيْرٌ لَّكُمْ إِن كُنتُمْ تَعْلَمُونَ ﴿١٢﴾

يَغْفِرْ لَكُمْ ذُنُوبَكُمْ وَيُدْخِلْكُمْ جَنَّٰتٍ تَجْرِى مِن تَحْتِهَا ٱلْأَنْهَٰرُ وَمَسَٰكِنَ طَيِّبَةً فِى جَنَّٰتِ عَدْنٍ ۚ ذَٰلِكَ ٱلْفَوْزُ ٱلْعَظِيمُ ﴿١٣﴾

"**വി**ശ്വസിച്ചവരേ, വേദനാജനകമായ ശിക്ഷയിൽനിന്ന് നിങ്ങളെ രക്ഷിക്കുന്ന ഒരു കച്ചവടത്തെക്കുറിച്ച് ഞാൻ നിങ്ങൾക്ക് അറിവ് നല്കട്ടെയോ? നിങ്ങൾ അല്ലാഹുവിലും അവന്റെ ദൂതനിലും വിശ്വസിക്കുകയും അല്ലാഹുവിന്റെ മാർഗ്ഗത്തിൽ നിങ്ങളുടെ ധനംകൊണ്ടും നിങ്ങളുടെ ജീവൻകൊണ്ടും ജിഹാദ് ചെയ്യുകയും ചെയ്യുകയെന്നതാണത്. നിങ്ങളറിയുന്നെങ്കിൽ അത് നിങ്ങൾക്ക് ഗുണകരമാണ്. നിങ്ങളുടെ പാപങ്ങൾ അവൻ നിങ്ങൾക്കു പൊറുത്തുതരികയും താഴേ‌ാരത്തുകൂടെ അരുവികളൊഴുകുന്ന ഉദ്യാനങ്ങളിലും ശാശ്വതവാസത്തിനുള്ള ഉദ്യാനങ്ങളിൽ സ്ഥിതിചെയ്യുന്ന പരിശുദ്ധമായ ഭവനങ്ങളിലും അവൻ നിങ്ങളെ പ്രവേശിപ്പിക്കുന്നതുമാണ്. അതത്രെ മഹത്തായ വിജയം." *(61:11–13)*

ഇന്നത്തെ ഖുത്ബയിൽ ആദ്യമായി ലോകത്തുള്ള എല്ലാ അഹ്മദികൾക്കും ഞാൻ പുതുവത്സരാശംസകൾ നേരുകയാണ്. 'നന്ദി' എന്ന വിഷയം മനസ്സിൽവെച്ചുകൊണ്ട് ഓരോ അഹ്മദിയും വരും വർഷത്തിലേക്ക് പ്രവേശിക്കണമെന്ന് കഴിഞ്ഞ ഖുത്ബയിൽ ഞാൻ ഓർമ്മിപ്പിച്ചിരുന്നു. കഴിഞ്ഞ വർഷം നാം കണ്ട അല്ലാഹുവിന്റെ അനുഗ്രഹങ്ങളുടെ കാഴ്ചകളിൽ, അല്ലാഹു തന്റെ വാഗ്ദാനമനുസരിച്ച് വർദ്ധനവുണ്ടാക്കിക്കൊണ്ടിരിക്കുമാറാകട്ടെ. ഈ പുതുവർഷം എല്ലാ രീതിയിലും അല്ലാഹു നമുക്ക് അനുഗൃഹീതമാക്കിത്തീർക്കുമാറാകട്ടെ. അല്ലാഹു ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ജമാഅത്തിനു മേൽ ഇറക്കിക്കൊണ്ടിരിക്കുന്ന ദാനങ്ങളും അനുഗ്രഹങ്ങളും ഔദാര്യങ്ങളുംവരെ ചെന്നെത്താൻ മനുഷ്യബുദ്ധിക്ക് സാധ്യമല്ല. എന്നാൽ, അല്ലാഹുവിന്റെ അനുഗ്രഹത്തെ ഓർമ്മിച്ചുകൊണ്ട് അവന്റെ മുമ്പിൽ കുനിയേണ്ടതും അവന്റെ കല്പനകളനുസരിച്ച് പ്രവർത്തിക്കേണ്ടതും അത് പാലിക്കുന്നതിന് കഴിവിനനുസരിച്ച് അങ്ങേയറ്റം ശ്രദ്ധിക്കേണ്ടതും ഓരോ അഹ്മദിയുടേയും നിർബന്ധകടമയാണ്. ഈ ബർക്കത്തും റഹ്മത്തും എന്നെന്നും തുടർന്നുകൊണ്ടിരിക്കുന്നതിനുവേണ്ടി അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കാൻ ശ്രമിക്കുക. നാം ആത്മാർത്ഥതയോടുകൂടി അല്ലാഹുവിനെ ആരാധിക്കുന്നവരായിത്തീരുകയും അവന്റെ കല്പനകളനുസരിച്ച് പ്രവർത്തിച്ചുകൊണ്ട് നന്മകൾ ചെയ്തുകൊണ്ടിരിക്കുകയും നമ്മുടെ ധനത്തിൽനിന്ന് അവന്റെ മാർഗ്ഗത്തിൽ ചെലവഴിച്ചുകൊണ്ടിരിക്കുകയും ചെയ്യുകയാണെങ്കിൽ, ഒരു വർഷത്തേക്കോ രണ്ടുവർഷത്തേക്കോ മൂന്നുവർഷത്തേക്കോ അല്ല എന്നെന്നേയ്ക്കുമായി അല്ലാഹുവിന്റെ സാമീപ്യം പ്രാപിക്കുന്നവരായിത്തീരുമെന്ന് അല്ലാഹു വാഗ്ദാനം ചെയ്യുന്നു. ഓരോ വർഷവും നിങ്ങൾക്ക് അനുഗ്രഹം കൊണ്ടുവരുന്നതായിത്തീരും. നിങ്ങൾക്കായി ബർക്കത്തുകൾ നിറഞ്ഞ സഞ്ചി ഉപേക്ഷിച്ചുപോകുന്നതായിരിക്കും. കഴിഞ്ഞുകടന്ന ഓരോ വർഷത്തിലേയും കർമ്മങ്ങൾ ഈ ലോകത്തും പരലോകത്തും നിങ്ങളെ നിഅ്മത്തുകളുടെ അവകാശികളാക്കിത്തീർക്കുകയും ചെയ്യും. ഓരോ വർഷവും ജനുവരിമാസത്തിലെ ആദ്യവെള്ളിയാഴ്ച വഖ്ഫെ ജദീദിന്റെ പുതുവർഷവിളംബരം ചെയ്യാറുണ്ട്. കഴിഞ്ഞുകടന്ന വർഷത്തെ വിലയിരുത്തിക്കൊണ്ട് വഖ്ഫെ ജദീദു മുഖേന നടന്ന ധനത്യാഗത്തെക്കുറിച്ച് പറയുകയും പുതിയ സാമ്പത്തികവർഷം പ്രഖ്യാപിക്കുകയും ചെയ്യുന്നതാണ്.

ധനത്യാഗം ആത്മാവിന്റെ ശുദ്ധീകരണത്തിനും ദൈവസാമീപ്യം പ്രാപിക്കുന്നതിനും അത്യാവശ്യമാണ്. അല്ലാഹുതആല വിശുദ്ധഖുർആനിൽ നിരവധി സ്ഥലങ്ങളിൽ ഇതിനെക്കുറിച്ച് പറഞ്ഞിരിക്കുന്നു. വിവിധരീതികളിൽ അതിന്റെ പ്രാധാന്യവും വിശദീകരിച്ചിരിക്കുന്നു. അഹ്മദിയ്യാ ജമാഅത്തിലെ വിവിധ സാമ്പത്തികപദ്ധതികൾ ദൈവസാമീപ്യം നല്കുന്നതിനും ഹൃദയങ്ങളെ ശുദ്ധീകരിക്കുന്നതിനും വേണ്ടിയിട്ടുള്ളതാണ്. അല്ലാഹുതആല തന്റെ

വഴിയിൽ ചെലവഴിക്കാൻ കല്പിച്ചുകൊണ്ട് പറയുന്നു:

***വമാലക്കും അല്ലാ തുൻഫിഖൂ ഫീസബീലില്ലാഹി.*** അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ചെലവഴിക്കാതിരിക്കാൻ നിങ്ങൾക്കെന്തു കാരണമാണുള്ളത്? (*57:11*)

നിങ്ങളുടെ ജീവിതത്തെ നന്നാക്കിത്തീർക്കുന്നതിന് ധനത്യാഗങ്ങളിൽ പങ്കെടുക്കേണ്ടത് അങ്ങേയറ്റം നിർബന്ധമാണ്. എന്നുമാത്രമല്ല, അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ചെലവഴിക്കാത്തവർ സ്വകരം കൊണ്ട് തങ്ങളെ നാശത്തിലിടുകയാണെന്നും മുന്നറിയിപ്പ് നല്കിയിട്ടുണ്ട്.

***വ അൻഫിഖൂ ഫീ സബീലില്ലാഹി വലാ തുൽഖൂ ബി അയ്ദീക്കും ഇലത്തഹ്ലുക്കത്തി.*** അല്ലാഹുവിന്റെ മാർഗ്ഗത്തിൽ നിങ്ങൾ ധനം ചെലവ് ചെയ്യുക. നിങ്ങളുടെ കൈകളാൽ നിങ്ങളെ സ്വയം നാശത്തിലിടരുതെന്നുവരെ പറഞ്ഞിരിക്കുന്നു. (*2:196*)

ജമാഅത്ത് പ്രഖ്യാപിക്കുന്ന സാമ്പത്തിക പദ്ധതികളും അല്ലെങ്കിൽ ലാസ്മിചന്ദ അതായത്, നിർബന്ധചന്ദ കൊടുക്കാൻ പറയുന്നതുമെല്ലാം അല്ലാഹുവിന്റെ കല്പനകളനുസരിച്ചുള്ളതാണ്. ഓരോ അഹ്മദിയും, അവർ യഥാർത്ഥത്തിൽ ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ജമാഅത്തുമായി തങ്ങളെ ബന്ധിപ്പിച്ചുപറയുന്നെങ്കിൽ, പറയാനാഗ്രഹിക്കുന്നെങ്കിൽ, തങ്ങളുടെ ഈമാന്റെ സംരക്ഷണത്തിന് ധനത്യാഗത്തിലേക്ക് ശ്രദ്ധിക്കേണ്ടതാണ്. അല്ലാഹുവിന്റെ അനുഗ്രഹത്താൽ മുഖ്ലിസായ ആളുകളുടെ ഒരു വലിയ ഭാഗം ഇതിൽ പങ്കെടുക്കുന്നുണ്ട്. എന്നാൽ, ഇപ്പോഴും എല്ലായിടത്തും ഒരുപാട് ഒഴിവുകൾ കാണുന്നുണ്ട്. പരലോകശിക്ഷയിൽനിന്ന് രക്ഷപ്പെടാനും അല്ലാഹുവിന്റെ സ്വർഗ്ഗത്തിന് അവകാശികളാകാനും ആഗ്രഹിക്കുന്നെങ്കിൽ ധനവും ജീവനും ത്യാഗം ചെയ്യുകയെന്നാണ് ഞാനോതിയ വചനത്തിലും അല്ലാഹു കല്പിച്ചിട്ടുള്ളത്. ഹസ്റത്ത് മസീഹ് മൗഊദ്(അ) വന്ന് വാളുകൊണ്ടുള്ള യുദ്ധം നിറുത്തൽചെയ്തു. ഇനി ഈ ധനത്യാഗം കൊണ്ടുള്ള ജിഹാദിലൂടെയാണ് ജീവന്റെ ജിഹാദും നടന്നുകൊണ്ടിരിക്കുക. ഭൗതികത നിറഞ്ഞു നില്ക്കുന്ന കാലഘട്ടമാണിത്. ഓരോ സ്റ്റെപ്പിലും പണത്തോടുള്ള അത്യാഗ്രഹം എഴുന്നേറ്റുനില്ക്കുന്നു. എങ്ങനെ പണം സമ്പാദിക്കാം എന്നതാണ് ഓരോരുത്തരുടേയും ചിന്ത. അതിനായി തെറ്റായ മാർഗ്ഗം സ്വീകരിച്ചാലും വേണ്ടില്ല, തെറ്റായ മാർഗ്ഗം തന്നെയാണ് സ്വീകരിച്ചുവരുന്നത്. വിവിധ വ്യാപാര സ്ഥാപനങ്ങളുണ്ട്. അവരുടെ പരസ്യങ്ങൾ ജനങ്ങളെ ആകർഷിച്ച് എങ്ങനെയെങ്കിലും ചരക്കു വിറ്റ് പണം വാരിക്കൂട്ടുക എന്ന നിലയിലുള്ളതായിരിക്കും. ആ പരസ്യങ്ങൾക്ക് ലക്ഷക്കണക്കിന് രൂപ ചെലവഴിക്കുന്നു. കുട്ടികളെ ആകർഷിക്കുന്നതിനായും ടിവി തുടങ്ങിയ മാധ്യമങ്ങളിൽ ഇത്തരം പരസ്യങ്ങൾ പ്രസിദ്ധീകരിക്കാറുണ്ട്. കുട്ടികൾ മാതാപിതാക്കളെ നിർബന്ധിച്ച് സാധനങ്ങൾ വാങ്ങിപ്പിക്കുന്നതിനു വേണ്ടിയാണിത്. കഴിവുള്ളവർ വാങ്ങിക്കൊടുക്കും. കഴിവില്ലായെങ്കിൽ സങ്കടപ്പെടും. ഈ സങ്കടത്തിനു കാരണം ഓരോരുത്തരും ഭൗതികതയ്ക്കു മുമ്പിൽ കുനിയുന്നു എന്നതാണ്. അല്ലാഹുവിന്റെ കല്പനകളനുസരിച്ച് ജീവിക്കുന്നതിനുള്ള ശ്രദ്ധ വളരെ കുറവാണ്. സമ്പന്നരാഷ്ട്രങ്ങളിൽ ഇത് വളരെ അധികമാണ്. അല്ലാഹു പറയുന്നു, ഈ വ്യാപാരവും ഈ കച്ചവടവും നിങ്ങൾക്ക് ഒരു പ്രയോജനവും ചെയ്യുകയില്ല. ദുൻയാവും ആഖിറത്തും നന്നാക്കിത്തീർക്കുന്നതിനും അല്ലാഹുവിന്റെ തൃപ്തിയും അവന്റെ സാമീപ്യവും കരസ്ഥമാക്കുന്നതിനും വേണ്ടി ഏറ്റവും ഉത്തമമായ കച്ചവടം അവന്റെ മാർഗ്ഗത്തിൽ ധനത്യാഗം ചെയ്യുക എന്നതാണ്. പുതിയ പുതിയ കണ്ടുപിടിത്തങ്ങളുണ്ടായിട്ടുള്ള ഇക്കാലഘട്ടത്തിൽ, ലോകം ഒന്നായ കാരണത്താൽ ജീവിതനിലവാരവും മാറിയിരിക്കുന്നു. ഈ ഘട്ടത്തിൽ എവിടെയൊക്കെ ഈ ധനത്യാഗം നടന്നുവരുന്നുണ്ടോ അവിടെയെല്ലാം ഇതൊരു ജിഹാദാണ്. നമ്മുടെ ഈ നാടുകളിൽ സാമ്പത്തികമായി പിന്നാക്കം നില്ക്കുന്ന ഒരു വലിയ വിഭാഗവുമുണ്ട്. ഇങ്ങനെയുള്ള നമ്മളിൽപ്പെട്ട ആരെങ്കിലും ധനത്യാഗം ചെയ്യുമ്പോൾ, അയാൾ തന്റെ ജീവൻകൊണ്ടുമാണ് ജിഹാദ് ചെയ്യുന്നത്. ചിലപ്പോൾ തങ്ങളുടെ കുട്ടികളുടെ ആവശ്യങ്ങൾപോലും പിമ്പുറം തള്ളിക്കൊണ്ട് ത്യാഗം ചെയ്യുന്നു. ഇതിനൊരുപാട് ഉദാഹരണങ്ങളുണ്ട്. ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്റെ കാലത്തുനടന്ന സംഭവങ്ങളും നിവേദനങ്ങളിൽ വന്നിരിക്കുന്നു. ഇന്നും അത് കാണാൻ കഴിയും. ധനത്യാഗത്തിനുള്ള ഈ ഉദാഹരണങ്ങൾ അഹ് മദിയ്യാ ജമാഅത്തിലല്ലാതെ മറ്റെങ്ങും കാണുകയില്ല.

ഖാസി മുഹമ്മദ് യൂസുഫ് സാഹിബ് പിശാവരി(റ) നിവേദനം ചെയ്യുന്നു. വസീറാബാദ് പട്ടണത്തിലെ ഒരു യുവാവ് മരിച്ചു. അവന്റെ മരണാനന്തരചെലവുകൾക്കായി പിതാവ് ഇരുന്നൂറ് രൂപ സംഘടിപ്പിച്ചുവെച്ചിരുന്നു. ഹസ്റത്ത് മസീഹ്മൗഊദ്(അ) ലങ്കർഖാനയിലെ ചെലവുകൾക്കായി സഹായമെത്തിക്കാൻ ആവശ്യപ്പെട്ടു. അദ്ദേഹത്തിനും കത്തയച്ചു. അദ്ദേഹം ഹസ്റത്ത് മസീഹ് മൗഊദ്(അ)ന് പണം അയച്ചുകൊടുത്തതിനുശേഷം എഴുതി: എന്റെ യുവാവായ മകൻ പ്ലേഗ് മുഖേന മരിച്ചിരിക്കുന്നു. ഞാൻ അവന്റെ മരണാനന്തരക്രിയക്കായി ഇരുന്നൂറു രൂപ ഏർപ്പാട് ചെയ്തിരുന്നു. അത് ഞാൻ അയക്കുകയാണ്. മകനെ അവന്റെ വസ്ത്രത്തിൽതന്നെ കബറടക്കുകയും ചെയ്തു.”

ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്റെ മുരീദുമാർ കാണിച്ച ആത്മാർത്ഥതയാണിത്. ത്യാഗസന്നദ്ധരായിക്കൊണ്ട് എപ്പോഴാണ് ധനത്യാഗത്തിനുള്ള വിളംബരം ഉണ്ടാകുന്നതെന്ന് കാത്തിരിക്കുകയായിരുന്നു അവർ. ഇന്നും ഈ കാഴ്ചകൾ നമുക്കു കാണാൻ കഴിയുന്നുണ്ട്. ഇക്കാലഘട്ടത്തിൽ ഭൗതികത മുമ്പത്തെക്കാൾ വർദ്ധിച്ചിരിക്കുന്നു. ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്റെ പരിശുദ്ധശക്തിപ്രഭാവത്തിന്റെ സ്വാധീനം നേരിട്ട് അവിടത്തെ സഹാബിമാരുടെമേൽ പതിഞ്ഞിരുന്നു. ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ജീവിതകാലം കഴിഞ്ഞ്, കാലം ഒരുപാട് പിന്നിട്ടിട്ടും അല്ലാഹു, ഹസ്റത്ത് മസീഹ് മൗഊദ്(അ)നോട് ചെയ്ത വാഗ്ദാനത്തിന്റെ പൂർത്തീകരണ കാഴ്ചകൾ ഇന്നും നാം കണ്ടുകൊണ്ടിരിക്കുന്നു. നിരവധി അഹ്മദിയുവാക്കളുണ്ട്. അവർ തങ്ങളുടെ ആഗ്രഹങ്ങളെ അടിച്ചൊതുക്കിക്കൊണ്ട് തങ്ങൾ സ്വരുക്കൂട്ടുന്നത് അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ചെലവഴിക്കുന്നു. കഴിഞ്ഞ വർഷം നടന്ന സംഭവമാണ്. പാക്കിസ്ഥാനുവേണ്ടി ഒരു ടാർഗറ്റ് നിശ്ചയിക്കപ്പെട്ടിരുന്നു. വർഷാവസാനം അത് പൂർത്തീകരിക്കേണ്ട സമയം വന്നപ്പോൾ, അത് സംബന്ധമായ ഒരു റിപ്പോർട്ട് സദ്ർ ലജ്നഇമായില്ലാഹ് ലാഹോർ എനിക്ക് നല്കുകയുണ്ടായി. അവരും തങ്ങളുടെ ലജ്ന മെമ്പറന്മാരോട് ഈ ടാർഗറ്റിനെക്കുറിച്ച് പറഞ്ഞിരുന്നു. ആ സമയത്ത് ഒരു പെൺകുട്ടി തന്റെ കല്യാണത്തിന് മാതാപിതാക്കൾ തയ്യാറാക്കിവെച്ച പണത്തിൽനിന്ന് വലിയൊരു തുക നല്കുകയുണ്ടായി. കല്യാണചെലവുകൾ നന്നായി നടക്കുമോ, അതിനെ ബാധിക്കുമോ എന്നൊന്നും ചിന്തിച്ചില്ല. ആ കുട്ടി ഇപ്പോൾ ഖാദിയാനിൽ വരികയും എന്നെ കാണുകയും ചെയ്തു. ഇത്തരമാളുകൾ ഇന്ന് അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുന്നതിനുവേണ്ടി അവന്റെ മാർഗ്ഗത്തിൽ ജിഹാദ് ചെയ്തുകൊണ്ടിരിക്കുന്നു. ഈ ത്യാഗത്തിനു പകരമായി അല്ലാഹു തആല ആ കുട്ടിക്ക് താങ്ങാവുന്നതിലും അധികം അനുഗ്രഹം നല്കുമാറാകട്ടെ! തുടർന്നും മുമ്പത്തെക്കാളേറെ ത്യാഗം ചെയ്യാൻ തൽപരയായിത്തീരുമാറാകട്ടെ. ഇത്തരം ത്യാഗം ചെയ്യുന്ന നിരവധിയാളുകളെ അല്ലാഹു ജമാഅത്തിന് നല്കിക്കൊണ്ടിരിക്കുമാറാകട്ടെ. ചെലവഴിക്കുന്ന ധർമ്മിഷ്ഠന് അല്ലാഹു ഇനിയും നല്കട്ടെ എന്ന മലക്കുകളുടെ പ്രാർത്ഥനയ്ക്കും അവർ അവകാശികളായിത്തീരട്ടെ.

ധനത്യാഗം ചെയ്യുന്നവർ എല്ലാ രംഗത്തുനിന്നും പ്രാർത്ഥന പിടിച്ചുപറ്റുന്നവരാണ്. ഇങ്ങനെ അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുന്നവർ, സ്വർഗ്ഗത്തിന്റെ അവകാശികളായിത്തീരുന്നു. ഇത്തരമാളുകളുടെ അംഗസംഖ്യ ജമാഅത്തിൽ വർദ്ധിച്ചുകൊണ്ടേപോകാൻ അല്ലാഹു അനുഗ്രഹിക്കട്ടെ. നബി(സ) തിരുമേനിയും നിരവധി സ്ഥലങ്ങളിൽ ധനത്യാഗത്തിലേക്ക് ശ്രദ്ധക്ഷണിച്ചിരുന്നു. അതിന്റെ ചില ഉദാഹരണം പറയാം.

ഹസ്റത്ത് അദിയ്യ്ബിൻ ഹാത്തിം(റ) നിവേദനം ചെയ്യുന്നു. നബി(സ) തിരുമേനി പറഞ്ഞു: "ഒരു ഈന്തപ്പഴത്തിന്റെ കീറ് ചെലവഴിച്ചിട്ടെങ്കിലും അഗ്നിയിൽ നിന്ന് രക്ഷപ്പെട്ടുകൊള്ളുക.'' അതായത് അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ത്യാഗം ചെയ്യുക. അതു പകുതി ഈന്തപ്പഴത്തിന് തുല്യമായി ചെയ്താലും വേണ്ടില്ല.

വഖ്ഫ് ജദീദിന്റെ ചന്ദയിൽ ഇത്ര തുക കൊടുത്തേപറ്റൂ എന്ന നിബന്ധനയൊന്നുമില്ല. ദരിദ്രരിൽ ദരിദ്രരായവർക്കും അവരുടെ കഴിവിന്നനുസരിച്ച് പങ്കെടുക്കാവുന്നതാണ്. ഈ ധനത്യാഗം ചെയ്യുമ്പോൾ ദുആ പിടിച്ചുപറ്റുന്നവരുമായിത്തീരും. മലക്കുകളുടെ ദുആയും പിടിച്ചുപറ്റുന്നവരാകും. അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുന്നവരുമാകും. ഈ ത്യാഗത്തിന്റെ ഫലമായി തന്റെ വാഗ്ദാനമനുസരിച്ച് അല്ലാഹുതആല അവസ്ഥകൾ നന്നാക്കിത്തീർക്കുകയും ചെയ്യും. ഓരോ അഹ്മദിയും ഇതിന്റെ പ്രാധാന്യം മനസ്സിലാക്കേണ്ടതാണ്. പുതുതായി ബയ്അത്ത് ചെയ്തുവന്ന നവഅഹ്മദികളും ഇതിൽ പങ്കെടുക്കേണ്ടതാണ്. ഹസ്റത്ത് മസീഹ് മൗഊദ്(അ)നെ അല്ലാഹു തആല നബി(സ) തിരുമേനിയുടെ പ്രവചനപുലർച്ചയായിട്ടാണ് അയച്ചതെന്ന വികാരാവേശത്തോടെയാണ് വിശ്വസിച്ചിട്ടുള്ളതെങ്കിൽ, അവർ ധനത്യാഗം ചെയ്ത് സ്വയം തങ്ങളെ നന്നാക്കിത്തീർക്കേണ്ടതാണ്. ആ മഹാത്മാവിനെ അല്ലാഹു അയച്ചിട്ടുള്ളത് ലോകത്തെ ഉദ്ധരിക്കാനാണ്. സ്വന്തം ആത്മാവിന്റെ ഉദ്ധരണത്തിനുള്ള മാർഗ്ഗം ധനത്യാഗത്തിൽ നിർബന്ധമായും പങ്കെടുക്കുക എന്നതാണ്. ആ സന്ദേശമെത്തിക്കുന്നതിന് സാമ്പത്തികചെലവ് ആവശ്യമായിവരുന്നു. അതുകൊണ്ട് നവഅഹ്മദികളും തുടക്കത്തിൽത്തന്നെ ഈ ശീലമുള്ളവരായിത്തീരണം. വഖ്ഫെ ജദീദിൽ പങ്കെടുത്തുകൊണ്ട് ഈ ശീലമുണ്ടാക്കിയാൽ അത് വർദ്ധിച്ചുകൊണ്ടേപോകും. അങ്ങനെ ധനത്യാഗത്തിന്റെ തൗഫീഖും വർദ്ധിച്ചുകൊണ്ടേയിരിക്കും.

വഖ്ഫെ ജദീദ് പദ്ധതിയ്ക്ക് തുടക്കം കുറിച്ച ഹസ്റത്ത് മുസ്ലീഹ് മൗഊദ്(റ) ഒരവസരത്തിൽ പറഞ്ഞു: "ഈ പദ്ധതി എത്രമാത്രം ശക്തിപ്രാപിക്കുന്നുവോ അത്രയധികം ദൈവാനുഗ്രഹത്താൽ സദ്ർ അഞ്ചുമൻ അഹ്മദിയ്യായുടെയും തഹ്രീകെ ജദീദിന്റെയും ചന്ദയിൽ വർദ്ധനവുണ്ടാകുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു.''

അതുകൊണ്ട് എല്ലാ ബലഹീനരേയും പുതിയതായി വരുന്നവരേയുംകൂടി ധനത്യാഗത്തിന്റെ പ്രാധാന്യം പറഞ്ഞു മനസ്സിലാക്കിക്കൊടുക്കാൻ ജമാ

അത്തിന്റെ സംഘാടകരും പരിശ്രമിക്കേണ്ടതാണ്. എന്താണ് പ്രാധാന്യമെന്ന് അവർക്ക് വ്യക്തമാക്കി ക്കൊടുക്കുക. ഇതുമൂലമുണ്ടാകുന്ന അല്ലാഹുവിന്റെ സഹായം അവർക്ക് പറഞ്ഞുകൊടുക്കുക. നബി(സ) തിരുമേനി ഇതു സംബന്ധമായി പറഞ്ഞിട്ടുള്ള കാര്യ ങ്ങൾ അവർക്ക് അറിയിച്ചുകൊടുക്കുക. ***ഇത് ചെയ്യു ന്നില്ലെങ്കിൽ എന്റെ നോട്ടത്തിൽ സംഘാടകരും പാപി കളാണ്. നന്മകളിൽനിന്നും അല്ലാഹുവിന്റെ തൃപ്തി ലഭിക്കുന്നതിൽനിന്നും അവർ ജനങ്ങളെ തടയുക യാണ് ചെയ്യുന്നത്.*** ഞാൻ പറയുകയുണ്ടായി, ഈ ശീലത്തിലൂടെ ജീവത്യാഗത്തിന്റെ ശീലവും ഉണ്ടാ കുന്നതാണ്. സ്വന്തം ശിക്ഷണം നടത്തുന്നതിലേക്കും ശ്രദ്ധയുണ്ടാകും. ആരാധനാകർമ്മങ്ങളുടെ ശീലവു മുണ്ടാകും.

ഒരു നിവേദനത്തിൽ വന്നിരിക്കുന്നു. ഹസ്റത്ത് ജാബിർ ബിൻ അബ്ദുല്ലാഹ്(റ) നിവേദനം ചെയ്യുന്നു. നബി(സ) തിരുമേനി ഒരിക്കൽ പെരുന്നാൾ നിസ്ക രിപ്പിച്ചു. അവിടന്ന് എഴുന്നേറ്റുനിന്ന് നിസ്കാരത്തെ ക്കുറിച്ച് പറഞ്ഞു. പിന്നീട് ജനങ്ങളെ സംബോധന ചെയ്തു. അതുകഴിഞ്ഞപ്പോൾ അവിടന്ന് മിമ്പറിൽ നിന്നിറങ്ങി. സ്ത്രീകളുടെ ഭാഗത്തേക്ക് പോയി. അവരെ ഉപദേശിച്ചു. നബി(സ) തിരുമേനി അപ്പോൾ ബിലാൽ(റ)ന്റെ കൈപിടിച്ചിരിക്കുകയായിരുന്നു. ബിലാൽ നിലത്ത് തുണി വിരിച്ചിരുന്നു. അതിൽ സ്ത്രീകൾ നാണയങ്ങൾ ഇട്ടുകൊണ്ടിരുന്നു."

അക്കാലത്തെ സ്ത്രീകളുടെ ഉദാഹരണം ഇങ്ങ നെയൊക്കെയായിരുന്നു. ഹസ്റത്ത് മസീഹ് മൗഊ ദ്(അ)ന്റെ ഇക്കാലത്തും അത്തരം സ്ത്രീകൾ ജന്മ മെടുക്കുന്നുണ്ട്. അവർ ഒരുപാട് ചെലവഴിക്കുന്നു. മുസ്‌ലിഹ് മൗഊദ്(റ)ന്റെ കാലത്തും ഖിലാഫത്തെ സാലിസായുടെ കാലത്തും ഖിലാഫത്തെ റാബിയാ യുടെ കാലത്തും ഇതിനുള്ള ഉദാഹരണങ്ങൾ കാണാം. ഇത്തരം ഒന്നിനെക്കാൾ മികച്ച് മറ്റൊന്നായി സ്ത്രീകൾ ധനത്യാഗങ്ങളിൽ പങ്കെടുക്കുന്നു. ആഭര ണങ്ങൾ വലിച്ചൂരി നല്കുന്നു. ധനത്യാഗത്തിന്റെ ബോധം സ്ത്രീകളിൽ നിലനില്ക്കുവോളം ഇൻശാ അല്ലാഹ് ത്യാഗം ചെയ്യുന്ന തലമുറകളും ജമാഅ ത്തിൽ ജന്മമെടുത്തുകൊണ്ടിരിക്കും. അതുകൊ ണ്ടാണ് നവഅഹ്മദികളേയും ധനത്യാഗത്തിന്റെ ഭാഗ മാക്കിത്തീർക്കാൻ ഞാനാവർത്തിച്ചാവർത്തിച്ച് പറ ഞ്ഞുകൊണ്ടിരിക്കുന്നത്. അടുത്ത തലമുറയെ നന്നാ ക്കിനിറുത്തുവാൻ ഇത് അത്യന്താപേക്ഷിതമാണ്. നവ അഹ്മദികൾ ഇങ്ങനെ വൻതോതിൽ ജമാഅത്തി ലേക്ക് വരുമ്പോൾ നിലവിലുള്ളവർ അവർക്ക് വിധേ യരാവാനോ അവർക്ക് ശിക്ഷണം കൊടുക്കുന്നതിനു പകരം അവരുടെ സ്വാധീനത്തിന് വശംവദരാകാനോ പാടില്ല. അതുകൊണ്ട് നവഅഹ്മദികളിൽ ത്യാഗങ്ങ ളുടെ ശീലം ഉണ്ടാക്കിത്തീർക്കേണ്ടിവരും. നവഅ ഹ്മദി വെറും മൂന്നുവർഷമാണ്. മൂന്നുവർഷത്തിനു ശേഷം അവർ ജമാഅത്തിന്റെ ഭാഗമായിത്തീരണം. നവഅഹ്മദികളായ സ്ത്രീകളുടെ തർബിയ്യത്തിന്റെ കാര്യം പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

അബ്ദുല്ലാഹിബ്നു അംറിബ്നുൽ ആസ്(റ) നിവേദനം ചെയ്യുന്നു. നബി(സ) തിരുമേനി പറഞ്ഞു: പിശുക്ക് കാണിക്കുന്നതിൽനിന്ന് രക്ഷപ്പെടുക. ഈ പിശുക്കുതന്നെയാണ് മുൻകഴിഞ്ഞ ജനതകളെ നശി പ്പിച്ചത്.

അല്ലാഹുവിൻ വഴിയിൽ ചെലവഴിക്കുന്നതിന് പിശുക്കു കാണിക്കുന്നതിന്റെ പ്രശ്നംതന്നെ ഉദിക്കു ന്നില്ല. ഇതിൽ വലിയ ഭീഷണിയാണുള്ളത്. മുൻക ഴിഞ്ഞ ജനതകൾ നശിച്ചത് ഇതുകൊണ്ടാണ്. അവർ അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ചെലവഴിച്ചിരുന്നില്ല. അല്ലാഹുവിന്റെ അനുഗ്രഹത്താൽ പഴയ അഹ്മദി കളിൽ നല്ലൊരു വിഭാഗം അല്ലാഹുവിന്റെ വഴിയിൽ ധനത്യാഗത്തിന്റെ പ്രാധാന്യം മനസ്സിലാക്കുന്നവരാ ണ്. പക്ഷേ, പുതിയതായി വരുന്നവരിൽ ഈ ശീല മുണ്ടാക്കുന്നില്ലെങ്കിൽ, അല്ലാഹുവിന്റെ വഴിയിൽ ചെലവഴിക്കാതെ ഒഴിവ് കഴിവ് പറഞ്ഞ് പ്രവർത്തി ച്ചുകൊണ്ടിരുന്നാൽ നാം കണ്ടുകഴിഞ്ഞതുപോലെ നബി(സ) തിരുമേനി ഭയാനകമായ മുന്നറിയിപ്പാണ് നല്കിയിരിക്കുന്നത്. അതുകൊണ്ട് ആ നാമത്തെ വിലമതിക്കുക. അല്ലാഹു ഹസ്റത്ത് മസീഹ് മൗഊദ് (അ)നെ വിശ്വസിക്കുന്നതിന് നല്കിയ തൗഫീഖിന് നന്ദി രേഖപ്പെടുത്തുക. ഹസ്റത്ത് മസീഹ് മൗഊദ് (അ)ന്റെ സന്ദേശത്തെ ലോകം മുഴുവൻ എത്തിക്കു ന്നതിനുവേണ്ടിയുള്ള ത്യാഗങ്ങളിൽ ഒരുതരത്തി ലുള്ള കുറവും വരുത്താതിരിക്കേണ്ടതാണ്. അല്ലാഹു പറയുന്നു: അവന്റെ സന്ദേശം എങ്ങും വ്യാപിക്കേ ണ്ടതുതന്നെയാണ്. ഇത് ദൈവികവിധിയാണ്. അല്ലാഹുവിന്റെ വാഗ്ദാനമാണ്. പക്ഷേ, ***നിങ്ങളിതിൽ പിശുക്ക് കാണിച്ചാൽ നിങ്ങളുടെ പിശുക്ക് കാരണ ത്താൽ നിങ്ങൾ നശിക്കുന്നതാണ്.*** ഹദീസിലും ഇതി നെക്കുറിച്ച് പറഞ്ഞിട്ടുണ്ട്. അതായത്, മറ്റൊരു ജനത വരുന്നതാണെന്ന്. അല്ലാഹു പറഞ്ഞു ***വമൻയ്യബ്ഖൽ ഫ ഇന്നമാ യബ്ഖലു അൻന്നഫ്സിഹീ*** വല്ലവനും പിശുക്ക് കാണിക്കുന്നപക്ഷം അവൻ തനിക്കുതന്നെ ദോഷമായിട്ടാണ് പിശുക്ക് കാണിക്കുന്നത്.

***വ ഇൻതവല്ലവ് യസ്തബ്ദിൽ ഖൗമൻ ഗയ്റക്കും ഥുമ്മ ലാ യകൂനൂ അംഥാലക്കും*** നിങ്ങൾ പിന്തിരിഞ്ഞുപോകുകയാണെങ്കിൽ നിങ്ങളുടെ സ്ഥാനത്ത് നിങ്ങളല്ലാത്ത ഒരു ജനതയെ അവൻ പകരം കൊണ്ടുവരുന്നതാണ്. പിന്നെ, അവർ നിങ്ങളെ പോലെ അലസത കാണിക്കുന്നവരാകുക യില്ല. (*47:39*)

ഈ ധനത്യാഗം ഒരു നിസ്സാരകാര്യമല്ല. ഇതിന്

വളരെ പ്രാധാന്യമുണ്ട്. ഈമാൻ ഉറപ്പുള്ളതാക്കി ത്തീർക്കുന്നതിനും, അല്ലാഹുവിന്റെ അനുഗ്രഹങ്ങൾ സ്വരുക്കൂട്ടുന്നതിനുമുള്ളതാണിത്. സഹാബത്തിന്റെ മാതൃക നിവേദനങ്ങളിൽ വന്നിട്ടുണ്ട്. തുടക്കത്തിലു ണ്ടായിരുന്ന സഹാബിമാർ വളരെ ദരിദ്രരും സാമ്പ ത്തികമായി ബലഹീനരുമായിരുന്നു. അവർ കൂലി വേലയെടുത്ത് ജീവിതം കഴിക്കുന്നവരായിരുന്നു. പക്ഷേ, നബി(സ) തിരുമേനിയിൽനിന്ന് ധനത്യാഗ ത്തിന് വിളംബരമുണ്ടാകുമ്പോഴെല്ലാം അവർ വേല യെടുത്തുതന്നെ അതിലേക്ക് ചന്ദ കൊടുക്കുമായി രുന്നു. അല്ലാഹുവിന്റേയും റസൂലിന്റേയും സാമീപ്യം പ്രാപിക്കുന്നവരായിത്തീരാൻ അത്യുത്സാഹത്തോടെ കഴിവിന്നനുസരിച്ച് അതിൽ പങ്കെടുക്കുമായിരുന്നു; ധനത്യാഗം ചെയ്യുന്നവർക്കായി അല്ലാഹു നിശ്ചയി ച്ചിട്ടുള്ളതും അവൻ വാഗ്ദാനം ചെയ്തിട്ടുള്ളതുമായ അനുഗ്രഹങ്ങൾ സ്വായത്തമാക്കുന്നവരായി തീരാൻ വേണ്ടി. ഒരു നിവേദനത്തിൽ വന്നിരിക്കുന്നു. ഹസ്റത്ത് അബൂ മസ്ഊദ്(റ) നിവേദനം ചെയ്യുന്നു. " നബി(സ) ദാനധർമ്മം ചെയ്യാൻ പറയുമ്പോൾ ഞങ്ങ ളിൽ ചിലർ ബാസാറിലേക്കു പോകുകയും ജോലി യെടുക്കുകയും ചെയ്യുമായിരുന്നു. അവർക്ക് ലഭി ക്കുന്ന വേതനമായ ഒരു മുദ്ദ് ധാന്യം തുടങ്ങിയവ യിൽനിന്ന് അവർ സദഖ കൊടുക്കുമായിരുന്നു. (ചെ റുതായിട്ട് എന്തെങ്കിലും ലഭിക്കുന്നതിൽനിന്ന് അവർ ദാനം ചെയ്തിരുന്നു) ഇപ്പോൾ അത്തരം വേലയെ ടുത്ത് ദാനം ചെയ്ത ചിലരുടെ പക്കൽ ഓരോരോ ലക്ഷം ദീനാറോ, ദർഹമോ ഉണ്ട്."

ആരംഭകാലത്തുണ്ടായിരുന്ന അവരുടെ അവസ്ഥ എന്തായിരുന്നുവെന്നും അവസാനം അവ രുടെ അവസ്ഥ എന്തായിരുന്നുവെന്നും നാം നോക്കു ക. അല്ലാഹു എങ്ങനെയാണ് അവരെ അനുഗ്രഹിച്ച തെന്ന്. ആ ധനത്യാഗത്തിന് എങ്ങനെയാണ് അവർക്ക് പ്രതിഫലം നല്കിയത്. ചന്ദയുടെ പ്രാധാന്യത്തെക്കു റിച്ചും അതിന്റെ ആവശ്യകതയെക്കുറിച്ചും ഹസ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു:

"മറ്റുള്ളവരെ കാണിച്ച് മുതലെടുക്കാൻ അവ സരം കിട്ടുന്ന നേരത്ത് ലക്ഷക്കണക്കിന് രൂപ ചെല വഴിക്കുന്നവരും അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ചെല വഴിക്കുന്നതിൽനിന്ന് പിൻമാറി നില്ക്കുന്നവരുമാണ് നഷ്ടത്തിലായവരെന്ന് ഞാൻ നല്ലവണ്ണം അറിയുന്നു. ഈ ജമാഅത്തിൽ ചേർന്നുകൊണ്ട് തന്റെ പിശുക്കും ഇടുങ്ങിയ ചിന്താഗതിയും ഉപേക്ഷിക്കാതിരിക്കുക എന്നത് ലജ്ജാകരമായ കാര്യമാണ്. അല്ലാഹുവിൽ നിന്ന് വന്നിട്ടുള്ള ആളുകൾക്ക് അവരുടെ പ്രാരംഭ കാലത്ത് ചന്ദ ആവശ്യമായി വരികയെന്നത് അല്ലാഹു വിന്റെ സുന്നത്താകുന്നു. നമ്മുടെ നബി(സ) തിരു മേനിയും പലപ്പോഴും സ്വഹാബത്തിന് ചന്ദ നിശ്ച യിച്ചിരുന്നു. അവരിൽ ഹസ്റത്ത് അബൂബക്കർ(റ) ആയിരുന്നു ഏറ്റവും മുന്നിൽ. ആണത്തത്തോടുകൂടി സഹായിക്കുന്നതിനായി പെട്ടെന്ന് തീരുമാനമെടുക്കേ ണ്ടതാണ്. നമ്മെ സഹായിക്കുന്നവർ അവസാനം അല്ലാഹുവിന്റെ സഹായം കാണും."

അതുകൊണ്ട് അല്ലാഹുവിന്റെ സഹായം കാണാൻ ഓരോരുത്തരും അവരവരുടെ ത്യാഗ ത്തിന്റെ നിലവാരം ഉയർത്തേണ്ടതാണ്. വീണ്ടും അവിടന്ന് പറഞ്ഞു: "ധനത്തെ സ്നേഹിക്കുക, അല്ലാഹു വിനേയും സ്നേഹിക്കുക എന്നത് നിങ്ങൾക്ക് സാധ്യ മല്ല. ഏതെങ്കിലും ഒന്നിനെ മാത്രമെ സ്നേഹിക്കാൻ പറ്റുകയുള്ളൂ. അല്ലാഹുവിനെ സ്നേഹിക്കുന്നവ നാണ് ഭാഗ്യവാൻ. നിങ്ങളിലാരെങ്കിലും അല്ലാഹു വിനെ സ്നേഹിച്ചുകൊണ്ട് അവന്റെ മാർഗ്ഗത്തിൽ ധനം ചെലവഴിക്കുകയാണെങ്കിൽ, മറ്റുള്ളവരെ അപേ ക്ഷിച്ച് അവന്റെ ധനത്തിൽ കൂടുതൽ അനുഗ്രഹം നല്കപ്പെടുന്നതാണ്. കാരണം ധനം സ്വയമേവ വരു ന്നതല്ല, അല്ലാഹുവിന്റെ തീരുമാനപ്രകാരമാണ് അത് വരുന്നത്. ആരാണോ അല്ലാഹുവിനുവേണ്ടി തന്റെ ധനത്തിന്റെ ഒരുഭാഗം ഉപേക്ഷിക്കുന്നത് അവൻ തീർച്ചയായും അവസാനം അതു പ്രാപിക്കുന്നതാണ്. എന്നാൽ, ധനത്തെ സ്നേഹിച്ചുകൊണ്ട് അല്ലാഹു വിന്റെ മാർഗ്ഗത്തിൽ ചെലവഴിക്കേണ്ടതുപോലെ ചെലവഴിക്കാത്ത വ്യക്തി തീർച്ചയായും ആ ധനം കളഞ്ഞുകളിക്കുന്നതാണ്. ധനം നിങ്ങളുടെ പരിശ്രമം കൊണ്ടാണ് കിട്ടുന്നതെന്ന് നിങ്ങൾ കരുതരുത്. അത് അല്ലാഹുവിൽനിന്നാണ് ലഭിക്കുന്നത്. നിങ്ങൾ നിങ്ങ ളുടെ ധനത്തിന്റെ ഒരുഭാഗം ചെലവഴിച്ചുകൊണ്ട് അല്ലാഹുവിനോടും അവൻ നിയോഗിച്ചിരിക്കുന്ന വ്യക്തിയോടും ഔദാര്യം ചെയ്തിരിക്കുന്നുവെന്ന് വിചാരിക്കരുത്. അങ്ങനെയല്ല, മറിച്ച് ആ സേവന ത്തിനായി നിങ്ങളെ വിളിച്ചത് അല്ലാഹുവിന്റെ ഔദാ ര്യമാണ്. ഞാൻ സത്യമായും സത്യമായും പറയുന്നു, നിങ്ങളെല്ലാവരും എന്നെ ഉപേക്ഷിച്ചാലും, സേവിക്കു ന്നതിൽനിന്നും സഹായിക്കുന്നതിൽനിന്നും പിന്മാറി പ്പോയാലും സേവനസന്നദ്ധരായ മറ്റൊരു ജനതയെ അല്ലാഹു സൃഷ്ടിക്കുന്നതായിരിക്കും. ഈ പ്രവർത്തനം ആകാശത്തുനിന്നാണെന്ന് നിങ്ങൾ ദൃഢമായും മനസ്സിലാക്കിക്കൊള്ളുക. നിങ്ങളുടെ സേവനം വെറും നിങ്ങളുടെ നന്മയ്ക്കുവേണ്ടിയാ ണ്. നിങ്ങൾ അഹങ്കരിക്കുകയും ഞാൻ ധനംകൊണ്ട് സേവനം നടത്തുന്നുവെന്ന് ധരിക്കുകയും ചെയ്യരു ത്. ഞാൻ ആവർത്തിച്ചാവർത്തിച്ച് പറയട്ടെ, അല്ലാഹു നിങ്ങളുടെ സേവനത്തിന് അല്പംപോലും ആശ്രിത നല്ല. നിങ്ങൾക്ക് സേവനത്തിന് അവസരം നല്കു ന്നുവെന്നത് അവന്റെ അനുഗ്രഹമാണ്." വീണ്ടും ഹസ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: എന്റെ പ്രിയപ്പെട്ട സ്നേഹിതന്മാരേ! നിങ്ങളോടു സഹതാപം

കാണിക്കുന്നതിനായി അല്ലാഹു എനിക്ക് സത്യമായ ആവേശം നല്കിയിരിക്കുന്നുവെന്ന് ഞാൻ നിങ്ങളോട് തറപ്പിച്ചുപറയുന്നു. നിങ്ങളുടെ ഈമാനും ഈശ്വരജ്ഞാനവും വർദ്ധിക്കുന്നതിനായി സത്യമായ ഒരു ദൈവികജ്ഞാനം എനിക്ക് നല്കപ്പെട്ടിരിക്കുന്നു. ഈ ദൈവികജ്ഞാനം നിങ്ങൾക്കും നിങ്ങളുടെ മക്കൾക്കും അങ്ങേയറ്റം ആവശ്യമുള്ളതാണ്. നിങ്ങൾ നിങ്ങളുടെ പരിശുദ്ധമായ ധനങ്ങളിൽനിന്ന് നിങ്ങളുടെ ദീനീപരമായ പ്രവർത്തനങ്ങൾക്കായി എന്നെ സഹായിക്കുന്നതിനും അല്ലാഹു നല്കിയിരിക്കുന്ന ഐശ്വര്യവും കഴിവും അനുസരിച്ച് ഈ മാർഗ്ഗത്തിൽ ചെലവഴിക്കാൻ താമസം വരുത്താതിരിക്കുന്നതിനും വേണ്ടിയാണ് ഞാൻ നില്ക്കുന്നത്. അല്ലാഹുവിനെക്കാളും അവന്റെ റസൂലിനേക്കാളും നിങ്ങളുടെ ധനത്തെ മുന്തിക്കരുത്. എന്റെ കഴിവിൽപ്പെട്ടിടത്തോളം ഗ്രന്ഥരചനയിലൂടെ അല്ലാഹുവിന്റെ പരിശുദ്ധമായ റൂഹ് എനിക്ക് നല്കിയ അനുഗ്രഹങ്ങളും അറിവുകളും ഏഷ്യയിലും യൂറോപ്പിലും പ്രചരിപ്പിക്കുന്നതിനും വേണ്ടിയാണ് ഞാൻ സന്നദ്ധനായി നില്ക്കുന്നത്."

ഇന്ന് ഈ സന്ദേശം ഓരോ ഗ്രാമത്തിലും ഓരോ നാട്ടിലും ഈ രാജ്യത്തും (ഭാരതത്തിലും) പാക്കിസ്ഥാനിലും പ്രചരിപ്പിക്കേണ്ട ജോലി വഖ്ഫെ ജദീദിനെയാണ് ഏല്പിച്ചിട്ടുള്ളത്. അതുകൊണ്ട് ഓരോ അഹ്മദിയും നവഅഹ്മദികളാണെങ്കിലും പഴയ അഹ്മദികളാണെങ്കിലും തങ്ങളുടെ ആത്മാവിനെ ശുദ്ധീകരിക്കുന്നതിനായി ധനത്യാഗത്തിന്റെ ചാലകശക്തിയായി മാറേണ്ടതാണ്. ധനത്യാഗത്തിന്റെ ആത്മാവുണ്ടാകുന്നില്ലെങ്കിൽ ഈമാന് വേണ്ടുന്നതായ ശക്തിയും ഉണ്ടാകുന്നതല്ല. അല്പം മാത്രം കഴിവുള്ളയാളാണെന്നോ ദരിദ്രനാണെന്നോ അയാളിൽ നിന്ന് വാങ്ങിയിട്ടു എന്തു നേട്ടമുണ്ടാകാനാണെന്നോ ആരും നോക്കരുത്. അല്ലാഹുവിന്റെ വഴിയിൽ ത്യാഗവികാരത്തോടും ആത്മാവോടുംകൂടി നല്കപ്പെടുന്ന ഒരോ പൈസയ്ക്കും വലിയ വിലയാണുള്ളത്. ഈ ത്യാഗത്തിന്റെ സ്മരണ അഹ്മദിയ്യാ ജമാഅത്തിന്റെ ചരിത്രത്തിൽ സവിശേഷമായ ഒരുനിറം പകരുന്നതാണ്. ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്റെ കാലത്ത് ദരിദ്രനും വികലാംഗനുമായ ഒരാളായിരുന്നു ഹസ്റത്ത് ഹാഫിസ് മുഈനുദ്ദീൻസാഹിബ്(റ). ജമാഅത്തിനു വേണ്ടി സേവനം ചെയ്യുന്നതിൽ അദ്ദേഹത്തിന് വലിയ ആവേശമായിരുന്നുവെന്ന് നിവേദനത്തിൽ വന്നിരിക്കുന്നു. അദ്ദേഹം സ്വയം അങ്ങേയറ്റം ഞെരുക്കത്തോടുകൂടിയാണ് ജീവിച്ചിരുന്നത്. വികലാംഗനായ കാരണത്താൽ അദ്ദേഹത്തിന് ജോലിയൊന്നും ചെയ്യാൻ കഴിയുമായിരുന്നില്ല. ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്റെ പഴയൊരു ഖാദിം എന്നു മനസ്സിലാക്കിക്കൊണ്ട് ആളുകൾ സ്നേഹത്തോടുകൂടി എന്തെങ്കിലും പാരിതോഷികം അദ്ദേഹത്തിന് കൊടുക്കാറുണ്ടായിരുന്നു. പക്ഷേ, ഹാഫിസ് സാഹിബ് അദ്ദേഹത്തിന് ഇങ്ങനെ കിട്ടുന്ന പണം ഒരിക്കലും തന്റെ വ്യക്തിപരമായ കാര്യത്തിനായി ചെലവഴിച്ചിരുന്നില്ല. മറിച്ച്, ജമാഅത്തിന്റെ പ്രവർത്തനത്തിനായി ഹസ്റത്ത് മസീഹ് മൗഊദ് (അ)നെ ഏല്പിക്കുമായിരുന്നു. ഹസ്റത്ത് മസീഹ് മൗഊദ്(അ) വിളംബരം ചെയ്തിട്ടുള്ള ഒരു സാമ്പത്തിക പദ്ധതിയിലും അദ്ദേഹം പങ്കെടുക്കാതിരുന്നിട്ടില്ല. ഒരു പൈസയാണെങ്കിലും അദ്ദേഹം അതിലേക്ക് കൊടുക്കുമായിരുന്നു. അദ്ദേഹം അങ്ങനെ ചെയ്തിരുന്ന ആ ത്യാഗം നിസ്സാര ത്യാഗമായിരുന്നില്ല. ഹസ്റത്ത് മസീഹ് മൗഊദ്(അ)ഉം പല സ്ഥലങ്ങളിലും അദ്ദേഹത്തെക്കുറിച്ച് സ്മരിച്ചിട്ടുണ്ട്. ചില സന്ദർഭങ്ങളിൽ ഹാഫിസ് സാഹിബ് വിശന്നിരുന്നുകൊണ്ട് ഈ സേവനം ചെയ്യുമായിരുന്നു.

മറ്റുചില ത്യാഗീവര്യന്മാരെക്കുറിച്ചും ഹസ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞിട്ടുണ്ട്. അവിടന്ന് പറയുന്നു: ഞാനെന്റെ ജമാഅത്തിന്റെ സ്നേഹത്തിലും ആത്മാർത്ഥതയിലും അത്ഭുതപ്പെടുകയാണ്. അവരിൽ അങ്ങേയറ്റം വരുമാനം കുറഞ്ഞവരായ, മിയാൻ ജമാലുദ്ദീനും ഖയ്റുദ്ദീനും ഇമാമുദ്ദീൻ കശ്മീരി തുടങ്ങിയവർ എന്റെ ഗ്രാമത്തിന് തൊട്ടടുത്ത് താമസിക്കുന്നവരാണ്. ആ മൂന്ന് ദരിദ്രസഹോദരന്മാർക്കും, നിത്യേന മൂന്നണയോ നാലണയോ ആണ് കൂലി കിട്ടുന്നത്. എങ്കിലും കൃത്യനിഷ്ഠയോടെ മാസം ചന്ദ കൊടുക്കുന്നു. അവരുടെ സുഹൃത്തും വില്ലേജ് രജിസ്ട്രാറുമായ മിയാൻ അബ്ദുൽ അസീസിന്റെ ആത്മാർത്ഥതയിലും ഞാൻ അത്ഭുതപ്പെടുന്നു. ഏറ്റവും കുറഞ്ഞ വരുമാനമായിട്ടും ഒരു ദിവസം നൂറു രൂപ തന്നുപോയി. ഇത് അല്ലാഹുവിന്റെ വഴിയിൽ ചെലവഴിക്കണമെന്നാഗ്രഹിക്കുന്നതായി പറഞ്ഞു. ദരിദ്രനായ ആ മനുഷ്യൻ ഈ നൂറുരൂപ വർഷങ്ങൾ കൊണ്ട് സമ്പാദിച്ചതാകാം. എന്നാൽ അല്ലാഹുവിനോടുള്ള ആവേശം അല്ലാഹുവിന്റെ തൃപ്തിയ്ക്കുവേണ്ടി ആവേശം കൊള്ളിച്ചു.

ഈ ഉദാഹരണങ്ങൾ ദരിദ്രരുടേയും പുതിയതായി വരുന്ന അഹ്മദികളുടേയും ശ്രദ്ധ ക്ഷണിക്കുന്നതിനുവേണ്ടിയാണ്. അതിനോടൊപ്പം നല്ലവണ്ണം തിന്നും കുടിച്ചും നടക്കുന്നവർക്ക് ചിന്തിക്കാനുള്ള അവസരവുമാണ്. അവരും ചിന്തിക്കേണ്ടതാണ്. അവർ ചെയ്തുകൊണ്ടിരിക്കുന്ന ധനത്യാഗങ്ങൾ, വാസ്തവത്തിൽ ത്യാഗം തന്നെയാണോ എന്ന് എപ്പോഴെങ്കിലും അവർ നോക്കിയിട്ടുണ്ടോ? ദരിദ്രരായ ആളുകൾ തങ്ങളുടെ വയറു ചുരുക്കി ചന്ദ കൊടുക്കുന്നു. സമ്പന്നർ ഇങ്ങനെ കൊടുക്കുന്നുണ്ടോ? ഇതവർ മനസ്സിലാക്കുകയാണെങ്കിൽ ഒരുപാട് ഒഴിവ് അവരിൽ ഉള്ളതായി കാണാൻ കഴിയും.

വഖ്ഫെ ജദീദിന് തുടക്കം കുറിച്ച ഹസ്റത്ത് മുസ്‌ലിഹ് മൗഊദ്(അ) ഇതിന്റെ പ്രാധാന്യം വിവരിച്ചുകൊണ്ട് പറയുന്നു: "ഈ പദ്ധതിയുടെ പ്രാധാന്യത്തെക്കുറിച്ച് മനസ്സിലാക്കാൻ ഞാൻ അഹ്മദികളോടു താക്കീത് ചെയ്തുപറയുകയാണ്. ഇതിലേക്ക് പൂർണ്ണമായും ശ്രദ്ധിക്കുക. ഇതിനെ വിജയിപ്പിക്കാൻ പൂർണ്ണമായും ശക്തി ചെലുത്തുക. ജമാഅത്തിലെ കഴിവുള്ള ആളായിരിക്കെ ഈ പദ്ധതിയിൽ പങ്കെടുക്കാതിരിക്കുന്ന ഒരാളും ഉണ്ടാകാതിരിക്കാൻ പരിശ്രമിക്കുക."

അതുകൊണ്ട് ഇന്ത്യയിലും പാക്കിസ്ഥാനിലും ആഫ്രിക്കയിലുമെല്ലാം കഴിഞ്ഞ കുറച്ചുവർഷങ്ങൾക്കുള്ളിൽ വൻതോതിലാണ് ജനങ്ങൾ അഹ്മദിയ്യത്തിലേക്ക് വന്നിട്ടുള്ളത്. ഇവരെ ജമാഅത്തിന്റെ പ്രവർത്തനനിരതമായ ഭാഗമാക്കിത്തീർക്കാൻ നിങ്ങൾ ആഗ്രഹിക്കുന്നെങ്കിൽ, അവർതന്നെയും അല്ലാഹുവിന്റെ പ്രീതി കരസ്ഥമാക്കാനും ജമാഅത്തിന്റെ പ്രവർത്തനിരതമായ ഭാഗമായിത്തീരാനും ആഗ്രഹിക്കുന്നെങ്കിൽ കഠിനപ്രയത്നം ചെയ്ത് ധനത്യാഗത്തിൽ വിഹിതമിടുക. അതിനുവേണ്ടി ഒന്നാമതായി വഖ്ഫെ ജദീദിലെങ്കിലും പങ്കെടുക്കുക. ഈമാനിൽ ശക്തിയുണ്ടാകുന്നതിനും അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുന്നതിനുംവേണ്ടി പിന്നീട് പതുക്കെ പതുക്കെ രണ്ടുമൂന്നു വർഷത്തിനുള്ളിൽ മറ്റു സാമ്പത്തികപദ്ധതിയിലും അവർ ചേരുന്നതാണ്.

ഒരവസരത്തിൽ തന്റെ ബുദ്ധിയിലുണ്ടായിരുന്ന പദ്ധതിയെക്കുറിച്ച്– ഈ പദ്ധതി എങ്ങനെ പ്രയോജനപ്പെടുത്തണം എങ്ങനെ പ്രചരിപ്പിക്കണം എന്നതിനെ സംബന്ധിച്ച് സ്മരിച്ചുകൊണ്ട് അവിടന്ന് പറഞ്ഞു: (അത് തന്നെയാണ് ഇപ്പോൾ ഭാരതത്തിനു നല്കിയിട്ടുള്ള പരിപാടി. ഏകദേശം വഖ്ഫെ ജദീദിനു കീഴിൽ 1175 മുഅല്ലിമുമാരും മുബല്ലിഗുമാരും ഇപ്പോൾ ഇവിടെ പ്രവർത്തിച്ചുവരുന്നു. എന്നാൽ, എന്റെ ദൃഷ്ടിയിൽ ഇതിപ്പോഴും മതിയായതല്ല) പറഞ്ഞു: ഞാൻ ജമാഅത്തിലെ സ്നേഹിതന്മാരോട് വീണ്ടും പറയുകയാണ്, നമ്മുടെ ജമാഅത്ത് ഓർമ്മ വയ്ക്കേണ്ടതാണ്, അവർ അഭിവൃദ്ധിപ്പെടാനാഗ്രഹിക്കുന്നെങ്കിൽ അവർക്ക് ഇത്തരത്തിലുള്ള വഖ്ഫ് തുടങ്ങേണ്ടതായും, നാലുഭാഗത്തും സദാചാരമാർഗ്ഗത്തിന്റേയും നന്മയുടേയും വലവീശേണ്ടതായും വരും. ഈരണ്ടു മണിക്കൂർ ജില്ല മുഴുവൻ ചുറ്റിക്കറങ്ങി ഒരു മുബല്ലിഗ് പ്രവർത്തിക്കേണ്ട കാലം മാറിക്കഴിഞ്ഞിരിക്കുന്നു. നമ്മുടെ മുബല്ലിഗ് ഓരോ വീട്ടിലും, ഓരോ കുടിലിലും എത്തേണ്ടതായിവരും. എന്റെ ഈ പുതിയ സ്കീം അനുസരിച്ച് പ്രവർത്തിച്ചെങ്കിലേ അത് നടപ്പാകുകയുള്ളു. വീണ്ടും അവിടന്ന് പറഞ്ഞു: ഓരോ സ്ഥലത്തെയും ജനങ്ങളുടെ ഉള്ളിൽ ഇരുന്നുകൊണ്ട് ജനങ്ങൾ ആകർഷിക്കപ്പെടുംവിധം പ്രയോജനപ്രദമായ പ്രവർത്തി ചെയ്യുന്ന ആളുകൾ നിശ്ചയിക്കപ്പെടേണ്ടതാണ്."

വഖ്ഫെ ജദീദിനുവേണ്ടി പ്രവർത്തിക്കുന്നവരുടെയും ഉത്തരവാദിത്തമാണിത്. അതായത് ജനങ്ങൾ ആകർഷിക്കപ്പെടുംവിധം പ്രയോജനപ്രദമായി പ്രവർത്തിക്കുക. അവർ അവരെ പഠിപ്പിക്കുകയും സദാചാരത്തിന്റേയും നന്മയുടേയും പ്രവർത്തനം നടത്തുകയും ചെയ്യുക. ഒരു മത്സ്യവും വെളിയിൽ പോകാത്തവിധം വല വിരിക്കുക. ഈ ദുഷ്ക്കരമായ വല നാം വിരിക്കാത്തിടത്തോളം നാം വിജയം പ്രാപിക്കുകയില്ല, ഈ വല ശരിയായനിലയിൽ പരന്നുവീണിട്ടുണ്ടെങ്കിൽ, നവഅഹ്മദികളെ വളരെ നല്ലനിലയിൽ നിങ്ങൾക്ക് ഒരുക്കിയെടുക്കാനും അവർക്ക് ത്യാഗങ്ങളെക്കുറിച്ച് പറഞ്ഞുമനസ്സിലാക്കിക്കൊടുക്കാനും അവരെ നിസാമിന്റെ ഭാഗമാക്കിത്തീർക്കാനും നിഷ്പ്രയാസം കഴിയും.

ഈ ഭാഗത്തേക്ക് ഒരുപാട് ശ്രദ്ധിക്കേണ്ട ആവശ്യമുണ്ട്. ജനങ്ങൾ ധനത്യാഗം ചെയ്യുന്നതോടൊപ്പം മുഅ്ല്ലിമീംകളും മുബല്ലിഗീംകളും അവരുടെ കഴിവ് മുഴുവൻ ഉപയോഗിക്കുകയും ചെയ്യുക. മുബല്ലിഗുമാരുടേയും മുഅ്ല്ലിമുമാരുടേയും എണ്ണം ഇപ്പോൾ മതിയായിട്ടുള്ളതാണെന്ന ധാരണ ഇന്ത്യയിലും പാക്കിസ്ഥാനിലും മറ്റു സ്ഥലങ്ങളിലും നമ്മുടെ സംഘാടകർക്കുണ്ട്. ജമാഅത്തിലെ ഭാരവാഹികളിലും ഈ ചിന്താഗതി കാണാം. ഈ ധാരണ ശരിയല്ല. ഓരോ ഗ്രാമത്തിലും ഓരോ കസബയിലും ഓരോ പട്ടണത്തിലും അവിടെത്തെ ഓരോ പള്ളിയിലും നമ്മുടെ മുബല്ലിഗോ മുഅല്ലിമോ ഉണ്ടാകേണ്ട കാലമാണിത്. അതിനുവേണ്ടി എന്തായാലും ജമാഅത്തിന് ധനപരമായ ത്യാഗങ്ങൾ ചെയ്യേണ്ടതായി വരും. അപ്പോൾ മാത്രമേ നമ്മുടെ കാര്യങ്ങൾ ശരിയായ നിലയിൽ സാദ്ധ്യമാവുകയുള്ളൂ. ജമാഅത്തിലെ അംഗങ്ങൾക്ക് തങ്ങളുടെ ധനം ത്യാഗം ചെയ്യേണ്ടതായി വരും. തങ്ങളുടെ കുട്ടികളേയും ത്യാഗം ചെയ്യേണ്ടതായിട്ട് വരും. കുട്ടികളെ വഖ്ഫ് ചെയ്യുക. പക്ഷേ, ഇതെല്ലാം തഖ്‌വയുടെ ഉന്നത നിലവാരം നിലനിറുത്തുന്നതായിരിക്കണം. വെറും ആളുകളെ പിടിച്ചിരുത്തുകയെന്നതല്ല, മറിച്ച്, തഖ്‌വയോടുകൂടി ജീവിക്കുന്നവരെയാണ് നമുക്കാവശ്യം. വരുംവർഷങ്ങളിൽ 'വാഖ്ഫീനെ നൗ' അംഗങ്ങളും പ്രവർത്തനരംഗത്ത് വരുന്നതാണ്. ഇപ്പോൾ നമ്മൾ കാണുന്ന ആ എണ്ണത്തിനും നമ്മുടെ ആവശ്യങ്ങൾ നിവർത്താൻ സാദ്ധ്യമല്ല. അത്ര വിശാലമായ രീതിയിലാണ് നമ്മൾ പ്രവർത്തിക്കേണ്ടത്. ദൈവാനുഗ്രഹത്താൽ പ്രവർത്തിക്കാനുള്ള ആളുകളുടെ ആവശ്യകത വളരെ വേഗത്തിലാണ് കുതിക്കുന്നത്. തഖ്‌വയിലൂടെ ചലിക്കുന്ന മുബല്ലിഗുമാരേയും മുഅല്ലിമുമാരേയും അല്ലാഹു നമുക്ക് പ്രദാനം ചെയ്യുമാറാകാട്ടെ.

ഇനി ഞാൻ കഴിഞ്ഞവർഷത്തെ സാമ്പത്തിക ത്യാഗങ്ങളുടെ ചില സ്ഥിതിവിവര കണക്കുകൾ പറയുന്നതാണ്. ഇവിടെ കിട്ടിയ റിപ്പോർട്ടനുസരിച്ച് ദൈവാനുഗ്രഹത്താൽ വഖ്ഫെ ജദീദിന്റെ മൊത്തം പിരിഞ്ഞുകിട്ടിയ തുക ഇരുപത്തിയൊന്ന് ലക്ഷത്തി നാല്പത്തിരണ്ടായിരം പൗണ്ടാണ്. കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് രണ്ട് ലക്ഷം പൗണ്ട് അധികമാണിത്. അൽഹംദുലില്ലാഹ്. ഇതിൽ പങ്കെടുത്തവരുടെ എണ്ണം നാല് ലക്ഷത്തി അറുപത്തിയാറായിരമാണ്. ഭാരതത്തിന് ഞാൻ അഞ്ച് ലക്ഷം പേരെ ചേർക്കാനുള്ള ടാർഗറ്റാണ് നല്കിയിരുന്നത്. ശ്രമിക്കുകയാണെങ്കിൽ അവർക്കിത് സാധിക്കുന്നതാണ്. ഇപ്പോഴും അവർ അതിനുവേണ്ടി ശ്രമിച്ചുവരുന്നുണ്ട്. പക്ഷേ, പൂർത്തിയായിട്ടില്ല. അമ്പത്തിയൊന്നായിരം പുതിയ ആളുകൾ വഖ്ഫെ ജദീദ് പദ്ധതിയിൽ അംഗങ്ങളായിട്ടുണ്ട്. പാക്കിസ്ഥാനിലേയും ഇന്ത്യയിലേയും അംഗങ്ങളുടെ എണ്ണം പ്രത്യേകം സ്മരണീയമാണ്. ജർമ്മനി, കാനഡ, നൈജീരിയ തുടങ്ങിയ രാജ്യങ്ങളിലും വർദ്ധനവുണ്ടായിട്ടുണ്ട്. നൈജീരിയായിൽ തഹ്‌രീകെ ജദീദിലും വഖ്ഫെ ജദീദിലും ധനത്യാഗത്തിലേക്ക് കൂടുതൽ ശ്രദ്ധയുണ്ടായിക്കൊണ്ടിരിക്കുന്നു. മാശാഅല്ലാഹ്. അവർ വളരെ മുന്നോട്ടു നീങ്ങിക്കൊണ്ടിരിക്കുകയാണ്. മറ്റു ആഫ്രിക്കൻ രാജ്യങ്ങളും നന്മയിൽ മുൻകടക്കുക എന്ന വികാരത്തോടെ മുന്നോട്ടു കുതിക്കേണ്ടതാണ്. പ്രത്യേകിച്ച് ഘാനക്കാർ ഈ ഭാഗത്തേക്ക് കൂടുതൽ ശ്രദ്ധിക്കുക. ഇന്ത്യയിലും അംഗങ്ങളിൽ വർദ്ധനവുണ്ടായിട്ടുണ്ടെങ്കിലും ഇപ്പോഴും ഒരുപാട് ഒഴിവുകളുണ്ട്. അവരുടെ റിപ്പോർട്ടനുസരിച്ച് ഒരുലക്ഷത്തി ഇരുപത്തയ്യായിരം അംഗങ്ങളാണ് മൊത്തത്തിൽ ഇവിടെയുള്ളത്. ഈ വർഷം ഇരുപത്തിയെട്ടായിരം അംഗങ്ങൾ വർദ്ധിച്ചിട്ടുണ്ട്. കഠിനാദ്ധ്വാനം ചെയ്യുകയാണെങ്കിൽ ഈ നാടുകളിൽ വർദ്ധനവുണ്ടാകുന്നതാണ്.

മൊത്തം പിരിഞ്ഞതിന്റെ അടിസ്ഥാനത്തിൽ ലോകം മുഴുവനുമുള്ള കണക്കുകൾ പരിശോധിക്കുമ്പോൾ ആദ്യത്തെ പത്ത് സ്ഥാനങ്ങളിൽ നില്ക്കുന്ന ജമാഅത്തുകൾ ഇവയാണ്. അമേരിക്ക, പാക്കിസ്ഥാൻ, ബ്രിട്ടൻ, ജർമ്മനി, കാനഡ, ഇന്ത്യ, ഇന്തോനേഷ്യ, ബൽജിയം, ആസ്ത്രേലിയ, സ്വിറ്റ്സർലാന്റ്. ആസ്ത്രേലിയായും നല്ലവണ്ണം ഈ വർഷം പ്രവർത്തിച്ചിട്ടുണ്ട്. അതുകൊണ്ട് അവർ ഒമ്പതാംസ്ഥാനത്തെത്തി. പാക്കിസ്ഥാനിൽ പ്രായപൂർത്തിയായവരുടെ ചന്ദയും കുട്ടികളുടെ ചന്ദയും പ്രത്യേകം പ്രത്യേകം പരിശോധനയ്ക്ക് വിധേയമാക്കാറുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ പ്രായപൂർത്തിയായവരുടെ കണക്കുപ്രകാരം ഒന്നാംസ്ഥാനം ലാഹോർ, രണ്ടാം സ്ഥാനം കറാച്ചി, മൂന്നാം സ്ഥാനം റബ്വ. ആദ്യത്തെ പത്ത് സ്ഥാനക്കാർ ജില്ല അടിസ്ഥാനത്തിൽ താഴെ പറയുന്നു.

സിയാൽക്കോട്ട്, റാവൽപിണ്ടി, ഇസ്‌ലാമാബാദ്, ഗോജറൻവാല, മീർപുർഖാസ്, ശേഖ്പുര, ഫയ്സലാബാദ്, സർഗോദ, കോയിട്ട, നാരോവാൾ. കുട്ടികളുടെ ആദ്യത്തെ മൂന്ന് പൊസിഷൻ കരസ്ഥമാക്കിയവരിൽ ഒന്നാം സ്ഥാനം കറാച്ചി, രണ്ട് ലാഹോർ, മൂന്ന് റബ്വ. ഇതിലും ജില്ലാ അടിസ്ഥാനത്തിൽ ഇസ്‌ലാമാബാദിനാണ് ഒന്നാം സ്ഥാനം. പിന്നീട് സിയാൽക്കോട്ട്, ഗോജറൻവാല, ശേഖ്പുര, റാവൽപിണ്ടി, മീർപുർഖാസ്, ഫയ്സലാബാദ്, സർഗോദ, നാരോവാൾ, കോയിട്ട.

ഇതാണ് ഇവരുടെ മൊത്തത്തിലുള്ള നില. 2006 ജനുവരി 1 മുതൽ വഖ്ഫെ ജദീദിന്റെ പുതുവർഷം ദൈവാനുഗ്രഹത്താൽ ആരംഭിച്ചുകഴിഞ്ഞു. ഇന്ന് അതിന്റെ വിളംബരം ഞാൻ ചെയ്യുകയാണ്. ഇത് വഖ്ഫെ ജദീദിന്റെ 49-ാമത് വർഷമാണ്. അല്ലാഹു ഈ വർഷം മുമ്പത്തെക്കാൾ കൂടുതൽ കനികൾ നല്കുമാറാകട്ടെ. ജമാഅത്തിന്റെ സാമ്പത്തികത്യാഗത്തിന്റെ നിലവാരവും മെച്ചപ്പെടുമാറാകട്ടെ. ജീവിതം വഖ്ഫ് ചെയ്തവരുടേയും മുബല്ലിഗുമാരുടേയും മുഅല്ലിമുമാരുടേയും തഖ്‌വയുടേയും അല്ലാഹുവുമായിട്ടുള്ള ബന്ധത്തിന്റേയും നിലവാരവും ഉയർന്നതാകുമാറാകട്ടെ. ജമാഅത്തിലെ ഓരോ വ്യക്തിക്കും തങ്ങളുടെ സ്വന്തം പ്രാധാന്യത്തെക്കുറിച്ചും ഉത്തരവാദിത്വത്തെക്കുറിച്ചും അറിവുണ്ടാകുമാറാകട്ടെ. ദൈവനാമത്തിൽ പ്രവർത്തിച്ചുകൊണ്ട് അവന്റെ സ്നേഹം സ്വരുക്കൂട്ടുന്നവരായി നാം മാറട്ടെ. അല്ലാഹു അതിന് തൗഫീഖ് നല്കുമാറാകട്ടെ.

Khuthba
Hadhrat Mirza Masroor Ahmad
Khalifathul Masih V
on 6.1.2006 at Qadian, India

*Translated by: Muhammad Ismail, Alleppey*
0497 2702562; Mob: 9895 126027
Page Layout & Typeset: BRB, Kannur
Published by: Majlis Khuddamul Ahmadiyya, Kerala